JUSTICE IS NOT A FAVOUR
Neethi Vedhi
JUSTICE IS A RIGHT

# നീതിവേദി

www.neethivedhi.org



നീതി ഔദാര്യമല്ല...
അവകാശമാണ്...

# വിദ്യാർത്ഥി സൗഹൃദക്ലബ്





2026 ജൂൺ 1 ന് രാരോത്ത്, ആർമാട്, കരിങ്ങാരി എന്നീ വിദ്യാർത്ഥി സൗഹൃദ ക്ലബുകളിൽ പ്രവേശനോത്സവം നടത്തി. കുട്ടികൾക്ക് പഠനോപകരണങ്ങളും മധുരപലഹാരങ്ങളും നൽകി.



ജൂൺ 5 ന് നീതിവേദിയുടെ വിദ്യാർത്ഥി സൗഹൃദ ക്ലബുകളിൽ പരിസ്ഥിതി ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. മീനങ്ങാടി പഞ്ചായത്തിലെ രാരോത്ത്, ആർമാട്, വെള്ളമുണ്ട പഞ്ചായത്തിലെ കരിങ്ങാരി എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ തൈകൾ നട്ടു. പരിസ്ഥിതിദിന ചിത്രരചന, ക്വിസ് എന്നീ മത്സരങ്ങൾ നടത്തി. മത്സര വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

ജൂലൈ 28 ന് നീതിവേദി ഓഫീസിൽ വെച്ച് വിദ്യാർത്ഥി സൗഹൃദക്ലബ് ഫസിലിറ്റേറ്റർമാരുടെ മീറ്റിംഗ് നടത്തി. ക്ലബ് തല പ്രവർത്തനങ്ങൾ വിലയിരുത്തി. അന്തർദേശീയ ആദിവാസി ദിനാചരണത്തിൽ കുട്ടികളുടെ പങ്കാളിത്തത്തെക്കുറിച്ചും പരിപാടികളെക്കുറിച്ചും പ്ലാൻ ചെയ്തു.

# വനിതാ സൗഹൃദക്ലബ്

## ഓടമ്പംകുന്ന്



ജൂൺ 1 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ ഓടമ്പംകുന്ന് ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. പ്രസിഡന്റായി ശ്രീമതി യശോദ, സെക്രട്ടറിയായി ശ്രീമതി നളിനി എന്നിവരെ തിരഞ്ഞെടുത്തു. ശ്രീമതി സൂര്യ എസ് ബിനു, ശ്രീ ജ്യോതിഷ് എന്നിവർ നേതൃത്വം നൽകി. മീറ്റിംഗിൽ 13 പേര് പങ്കെടുത്തു.

## ചോലവയൽ



ജൂൺ 1 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ ചോലവയൽ ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. പ്രസിഡന്റായി ശ്രീമതി നിഷിദ, സെക്രട്ടറിയായി ശ്രീമതി മേരി എന്നിവരെ തിരഞ്ഞെടുത്തു. ശ്രീമതി സൂര്യ എസ് ബിനു, ശ്രീ ജ്യോതിഷ് എന്നിവർ നേതൃത്വം നൽകി. മീറ്റിംഗിൽ 13 പേര് പങ്കെടുത്തു.

## മേലേവെള്ളരി



ജൂൺ 21 ന് മൂപ്പൈനാട് പഞ്ചായത്തിലെ മേലേവെള്ളരി ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. നീതിവേദി പ്രവർത്തനങ്ങളെക്കുറിച്ചും വനിതാക്ലബ് രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും വൈത്തിരി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ വിശദീകരിച്ചു. പ്രസിഡന്റായി ശ്രീമതി സിജിത, സെക്രട്ടറിയായി ശ്രീമതി ദിവ്യ എന്നിവരെ തിരഞ്ഞെടുത്തു. മീറ്റിംഗിൽ 18 പേര് പങ്കെടുത്തു.

## പാലക്കാട്ടുകുന്ന്



ജൂൺ 21 ന് മുട്ടിൽ പഞ്ചായത്തിലെ പാലക്കാട്ടുകുന്ന് ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. നീതിവേദി പ്രവർത്തനങ്ങളെക്കുറിച്ചും വനിതാക്ലബ് രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും വൈത്തിരി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ വിശദീകരിച്ചു. പ്രസിഡന്റായി ശ്രീമതി സൗമ്യ, സെക്രട്ടറിയായി ശ്രീമതി വിനീത എന്നിവരെ തിരഞ്ഞെടുത്തു. മീറ്റിംഗിൽ 21 പേര് പങ്കെടുത്തു.

## പൊൻകുഴി



ജൂൺ 21 ന് നൂൽപ്പുഴ പഞ്ചായത്തിലെ പൊൻകുഴി ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. നീതിവേദി പ്രവർത്തനങ്ങളെക്കുറിച്ചും വനിതാക്ലബ് രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും ബത്തേരി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ബിജു കാക്കത്തോട് വിശദീകരിച്ചു. പ്രസിഡന്റായി ശ്രീമതി ഓമന, സെക്രട്ടറിയായി ശ്രീമതി സീത എന്നിവരെ തിരഞ്ഞെടുത്തു. മീറ്റിംഗിൽ 14 പേര് പങ്കെടുത്തു.

## ഉദയക്കര



ജൂൺ 21 ന് പുൽപ്പള്ളി പഞ്ചായത്തിലെ ഉദയക്കര ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. നീതിവേദി പ്രവർത്തനങ്ങളെക്കുറിച്ചും വനിതാക്ലബ് രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും ബത്തേരി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ബിജു കാക്കത്തോട് വിശദീകരിച്ചു. ഊരുമൂപ്പൻ ശ്രീ ബസവൻ അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റായി ശ്രീമതി പ്രിയ, സെക്രട്ടറിയായി ശ്രീമതി സജന എന്നിവരെ തിരഞ്ഞെടുത്തു. മീറ്റിംഗിൽ 19 പേര് പങ്കെടുത്തു.

## കൊല്ലിമൂല



ജൂൺ 26 ന് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ കൊല്ലിമൂല ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. നീതിവേദി പ്രവർത്തനങ്ങളെക്കുറിച്ചും വനിതാക്ലബ് രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും മാനന്തവാടി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ചന്ദ്രൻ എം കെ വിശദീകരിച്ചു. പ്രസിഡന്റായി ശ്രീമതി അമ്മിണി, സെക്രട്ടറിയായി ശ്രീമതി അമ്മിണി കരിയൻ എന്നിവരെ തിരഞ്ഞെടുത്തു. മീറ്റിംഗിൽ സ്ത്രീകളും കുട്ടികളുമടക്കം 38 പേര് പങ്കെടുത്തു.

## ഇരുപതാം

ജൂൺ 26 ന് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ ഇരുപതാം ഉന്നതി യിൽ വനിതാക്ലബ് രൂപീകരിച്ചു. നീതിവേദി പ്രവർത്തനങ്ങളെക്കുറിച്ചും വനിതാ ക്ലബ് രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും മാനന്തവാടി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ചന്ദ്രൻ എം കെ വിശദീകരിച്ചു. പ്രസിഡന്റായി ശ്രീമതി ശാന്ത, സെക്രട്ടറിയായി ശ്രീമതി രജിന എന്നിവരെ തിരഞ്ഞെടുത്തു. മീറ്റിംഗിൽ സ്ത്രീകളും കുട്ടികളുമടക്കം 18 പേര് പങ്കെടുത്തു.



## പുഴക്കര



ജൂൺ 28 ന് തിരുനെല്ലി പഞ്ചായത്തിലെ പുഴക്കര ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. നീതിവേദി പ്രവർത്തനങ്ങളെക്കുറിച്ചും വനിതാക്ലബ് രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെ സംബന്ധിച്ചും മാനന്തവാടി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ചന്ദ്രൻ എം. കെ. വിശദീകരിച്ചു. പ്രസിഡന്റായി ശ്രീമതി സിജിന, സെക്രട്ടറിയായി ശ്രീമതി ശ്രീദേവി എന്നിവരെ തിരഞ്ഞെടുത്തു. മീറ്റിംഗിൽ സ്ത്രീകളും കുട്ടികളുമടക്കം 24 പേര് പങ്കെടുത്തു.

## കല്ലുവയൽ





കുടുംബങ്ങളും സമൂഹവും നേരിടുന്ന പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്ത്രീകളെ സജീവമായി പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ ജൂൺ 29 ന് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിലെ കല്ലുവയൽ ഉന്നതിയിൽ വനിതാക്ലബ് രൂപീകരിച്ചു. ഊരിലെ ജനങ്ങളുടെ സാമൂഹിക ജീവിതത്തിൽ മാറ്റത്തിന്റെ ശില്പികളാകുന്നതിനായി വനിതാ ക്ലബ് യോഗം പതിവായി ചേരാൻ തീരുമാനിച്ചു. പ്രസിഡന്റായി ശ്രീമതി ശാരദ, സെക്രട്ടറിയായി ശ്രീമതി ശാരദ അച്ചപ്പൻ എന്നിവരെ തിരഞ്ഞെടുത്തു. ശ്രീ ബിജു കാക്കത്തോട്, ശ്രീമതി സൂര്യ എസ് ബിനു എന്നിവർ നേതൃത്വം നൽകി. മീറ്റിംഗിൽ 16 പേര് പങ്കെടുത്തു.

## ആക്കൊല്ലി





ഊരുകളിലെ പ്രധാന സാമൂഹിക പ്രശ്നങ്ങളും സംഘർഷങ്ങളും പരിഹരിക്കുന്നതിനായുള്ള ശ്രമങ്ങളുടെ ഭാഗമായി, സാമൂഹിക മാറ്റത്തിന്റെ മുന്നണിപ്പോരാളികളായി പ്രദേശത്തെ സ്ത്രീകളെ ഒരുമിച്ച് കൂട്ടി വനിത ഹാർമണി ക്ലബുകൾ രൂപീകരിച്ചു വരികയാണ്. അതിന്റെ ഭാഗമായി 2026 ജൂൺ 30 ന് തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ ആക്കൊല്ലി ഊരിൽ വനിതാ ഹാർമണി ക്ലബിന്റെ യോഗം സംഘടിപ്പിച്ചു. മാനന്തവാടി താലൂക്ക് കോർഡിനേറ്റർ ശ്രീ ചന്ദ്രൻ എം.കെ ചർച്ചകൾക്ക് നേതൃത്വം നൽകി. ട്രൈബൽ പ്രൊമോട്ടർ ശ്രീമതി രാധയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച യോഗത്തിൽ 40 പേർ പങ്കെടുത്തു. ശ്രീമതി തങ്കമണിയെ പ്രസിഡന്റായും ശ്രീമതി പൊന്ന അശോകനെ സെക്രട്ടറിയായും തിരഞ്ഞെടുത്തു.

## ചെമ്പോത്തറ





ജൂൺ 30 ന് മേപ്പാടി ഗ്രാമപഞ്ചായത്തിലെ ചെമ്പോത്തറ ഉന്നതിയിൽ വനിതാ ഹാർമണി ക്ലബിന്റെ യോഗം സംഘടിപ്പിച്ചു. വൈത്തിരി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ജ്യോതിഷ് കുമാർ നേതൃത്വം നൽകി. ഊരിലെ കുടുംബങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളെക്കുറിച്ച് നടന്ന ചർച്ചയിൽ 18 പേർ പങ്കെടുത്തു. നീതിവേദിയുടെ പിന്തുണയോടെ തുടർ ഇടപെടലുകൾ നടത്തുന്നതിനായി ശ്രീമതി ശോഭയെ പ്രസിഡന്റായും ശ്രീമതി ശുഭയെ സെക്രട്ടറിയായും തിരഞ്ഞെടുത്തു.

## ചിത്രമൂല





ജൂലൈ 23 ന് കണിയാമ്പറ്റ പഞ്ചായത്തിലെ ചിത്രമൂല ഉന്നതിയിൽ വനിതാ ക്ലബ് രൂപീകരിച്ചു. നീതിവേദി പ്രവർത്തനങ്ങളെക്കുറിച്ചും വനിതാക്ലബ് രൂപീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും ശ്രീമതി ജൂബിലി വിശദീകരിച്ചു. തുടർന്ന് ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം സംബന്ധിച്ച് നീതിവേദി ലീഗൽ കൗൺസിലർ അഡ്വ.സോഫിയ ഒ സി ക്ലാസ്സ് എടുത്തു. ക്ലബ് പ്രസിഡന്റായി ശ്രീമതി ഹിമ, സെക്രട്ടറിയായി ശ്രീമതി സരിത എന്നിവരെ തിരഞ്ഞെടുത്തു. ശ്രീ ജ്യോതിഷ് കുമാർ നേതൃത്വം നൽകി. മീറ്റിംഗിൽ 21 പേർ പങ്കെടുത്തു.

## നാരങ്ങാക്കണ്ടി





ജൂലൈ 27 ന് കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ നാരങ്ങാക്കണ്ടി ഉന്നതിയിൽ വനിതാ ക്ലബ് രൂപീകരിച്ചു. നീതിവേദി പ്രവർത്തനങ്ങളെക്കുറിച്ചും വനിതാക്ലബ് രൂപീകരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും ശ്രീമതി ജൂബിലി വിശദീകരിച്ചു. തുടർന്ന് ഗാർഹിക അതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം സംബന്ധിച്ച് നീതിവേദി ലീഗൽ കൗൺസിലർ അഡ്വ.സോഫിയ ഒ.സി ക്ലാസ്സ് എടുത്തു. ക്ലബ് പ്രസിഡന്റായി ശ്രീമതി മനീഷ, സെക്രട്ടറിയായി ശ്രീമതി സുചിത്ര എന്നിവരെ തിരഞ്ഞെടുത്തു. ശ്രീ ജ്യോതിഷ് കുമാർ നേതൃത്വം നൽകി. മീറ്റിംഗിൽ അമ്മമാരും കുട്ടികളുമടക്കം 25 പേർ പങ്കെടുത്തു.

## അടിച്ചിലാടി





ആഗസ്റ്റ് 14 ന് മീനങ്ങാടി പഞ്ചായത്തിലെ അടിച്ചിലാടി ഊരിൽ വനിതാ ക്ലബ് രൂപീകരിച്ചു. നീതിവേദി ബത്തേരി താലൂക്ക് കോർഡിനേറ്റർ ശ്രീ ബിജു കാക്കത്തോട് സ്വാഗതം ആശംസിച്ചു. ശ്രീമതി സൂര്യ എസ് ബിനു ക്ലബ് രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും കൗൺസിലിംഗിനെക്കുറിച്ചും വിശദീകരിച്ചു. ശ്രീമതി സന്ധ്യയെ പ്രസിഡന്റായും ശ്രീമതി നന്ദിനിയെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. 14 പേർ യോഗത്തിൽ പങ്കെടുത്തു.

## നെല്ലിക്കണ്ടം





ആഗസ്റ്റ് 16 ന് മീനങ്ങാടി പഞ്ചായത്തിലെ നെല്ലിക്കണ്ടം ഊരിൽ വനിതാ ക്ലബ് രൂപീകരിച്ചു. നീതിവേദി ബത്തേരി താലൂക്ക് കോർഡിനേറ്റർ ശ്രീ ബിജു കാക്കത്തോട് സ്വാഗതം ആശംസിച്ചു. ശ്രീമതി സൂര്യ എസ് ബിനു ക്ലബ് രൂപീകരിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും കൗൺസിലിംഗിനെക്കുറിച്ചും വിശദീകരിച്ചു. ശ്രീമതി മഞ്ജുവിനെ പ്രസിഡന്റായും ശ്രീമതി മിനിയെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. 16 പേർ യോഗത്തിൽ പങ്കെടുത്തു.

# പീസ് കമ്മിറ്റി





## എടവക

ജൂൺ 6 ന് എടവക പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ മുസ്തഫ ടി അദ്ധ്യക്ഷത വഹിച്ച യോഗം പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഗിരിജ സുധാകരൻ ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ വിനോദ് തോട്ടത്തിൽ, മെമ്പർ ശ്രീ ജയപ്രകാശ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. കോർ ടീം വോളണ്ടിയർമാരായി ശ്രീമതി ലീല ബാലൻ, ശ്രീമതി സുമിത്ര എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങൾ ചർച്ച ചെയ്തു. മാനന്തവാടി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ചന്ദ്രൻ നന്ദി പറഞ്ഞു. മീറ്റിംഗിൽ 21 പേർ മീറ്റിംഗിൽ പങ്കെടുത്തു.

## മാനന്തവാടി



ജൂൺ 12 ന് മാനന്തവാടി മുനിസിപ്പാലിറ്റിയിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. മുനിസിപ്പാലിറ്റി മുൻ ചെയർമാനും നിലവിലെ മുനിസിപ്പൽ കൗൺസിലറുമായ ശ്രീ വി ആർ പ്രവീജ് അദ്ധ്യക്ഷത വഹിച്ചു. മുനിസിപ്പൽ കൗൺസിലർമാരായ ശ്രീമതി രജില സി ആർ, ശ്രീമതി ലിസ്സി ജോസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. മാനന്തവാടി മുനിസിപ്പാലിറ്റിയിലെ പീസ് കമ്മറ്റി ചെയർമാനായി ശ്രീ വി ആർ പ്രവീജ്, കൺവീനറായി ശ്രീമതി രജില സി ആർ, കോർ ടീം വോളണ്ടിയർമാരായി ശ്രീമതി കൗസല്യ, ശ്രീമതി ജിഷ പി എ എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങൾ ചർച്ച ചെയ്തു. മാനന്തവാടി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ചന്ദ്രൻ നന്ദി പറഞ്ഞു. മീറ്റിംഗിൽ 25 പേർ മീറ്റിംഗിൽ പങ്കെടുത്തു.

# തിരുനെല്ലി





ജൂൺ 12 ന് തിരുനെല്ലി പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. പഞ്ചായത്ത് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ പ്രേമചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. മെമ്പർമാരായ ശ്രീ പ്രമോദ് കെ, ശ്രീമതി പുഷ്പ സി എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. പഞ്ചായത്തിലെ പീസ് കമ്മറ്റി ചെയർമാനായി ശ്രീ സിജിത്ത്, കൺവീനറായി ശ്രീ പ്രേമചന്ദ്രൻ, വൈസ് ചെയർപേഴ്സണായി ശ്രീമതി ശ്രീജ, ജോയിന്റ് കൺവീനറായി ശ്രീ സനൂപ്, കോർ ടീം വോളണ്ടിയർമാരായി ശ്രീ അബ്ദുൾ അസീസ്, ശ്രീ പാപ്പച്ചൻ, ശ്രീമതി പുഷ്പ സി, ശ്രീ ഹരികൃഷ്ണൻ എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങൾ ചർച്ച ചെയ്തു. മാനന്തവാടി താലൂക്ക് ഫീൽഡ് കോർഡിനേറ്റർ ശ്രീ ചന്ദ്രൻ നന്ദി പറഞ്ഞു. മീറ്റിംഗിൽ 37 പേർ മീറ്റിംഗിൽ പങ്കെടുത്തു.



# തവിഞ്ഞാൽ

ജൂലൈ 9 ന് തവിഞ്ഞാൽ പഞ്ചായത്തിലെ പീസ് കമ്മറ്റി മീറ്റിംഗ് നടന്നു. നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സി ജോസ് സ്വാഗതം ആശംസിക്കുകയും നീതിവേദി പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി റാബിയ അബ്ബാസ് അദ്ധ്യക്ഷത വഹിച്ചു. തവിഞ്ഞാൽ പഞ്ചായത്ത് പീസ് കമ്മിറ്റി ചെയർമാനായി ശ്രീ ജോസഫ് മറ്റത്തിലാനി, കൺവീനറായി ശ്രീമതി അനിഷ സുരേന്ദ്രൻ, കോർ ടീം വോളണ്ടിയർമാരായി ശ്രീ രാജു പി എ, ശ്രീ കണ്ണൻ കെ.വി, ശ്രീമതി പുഷ്പ ചന്ദ്രൻ എന്നിവരെ തിരഞ്ഞെടുത്തു. നീതിവേദി ഇടപെടൽ നടത്തേണ്ട വിഷയങ്ങൾ ചർച്ച ചെയ്തു. ശ്രീമതി അനിഷ സുരേന്ദ്രൻ നന്ദി പറഞ്ഞു. മീറ്റിംഗിൽ 34 പേർ മീറ്റിംഗിൽ പങ്കെടുത്തു.

# ജനറൽ ബോഡി യോഗം





2026 ജൂൺ മാസം 22 ന് നീതിവേദിയുടെ ഇരുപത്തിമൂന്നാമത് വാർഷിക ജനറൽ ബോഡി യോഗം കൽപ്പറ്റ നീതിവേദി ഓഫീസിൽ വെച്ച് ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് നടന്നു. മൗനപ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് നീതിവേദി ജോയിന്റ് സെക്രട്ടറി ശ്രീ ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ സ്വാഗതം ആശംസിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ചു. 2025–26 പ്രവർത്തന വർഷത്തെ വാർഷിക റിപ്പോർട്ട് സെക്രട്ടറി ശ്രീമതി ഫ്ളയ്സി ജോസ് അവതരിപ്പിച്ചു. 2025–26 വർഷത്തെ വാർഷിക കണക്ക്, 2026–27 വർഷത്തെ ബഡ്ജറ്റ് എന്നിവ ട്രഷറർ ശ്രീ അനീഷ് ബാബു അവതരിപ്പിച്ചു. റിപ്പോർട്ട്, കണക്ക്, ബഡ്ജറ്റ് എന്നിവ യോഗം പാസ്സാക്കി. ഗവേർണിംഗ് ബോഡി അംഗങ്ങളായി അഡ്വ.ഫാ.സ്റ്റീഫൻ മാത്യു (പ്രസിഡന്റ്), സബിത കെ ബി (വൈസ് പ്രസിഡന്റ്), ഫ്ളയ്സി ജോസ് (സെക്രട്ടറി), ഉണ്ണികൃഷ്ണൻ ചീക്കല്ലൂർ (ജോ.സെക്രട്ടറി), അനീഷ് ബാബു (ട്രഷറർ), എക്സിക്യൂട്ടീവ് മെമ്പർമാരായി അഡ്വ.ഫാ.തോമസ് ജോസഫ് തേരകം, അഡ്വ.മരിയ, കെ.ഐ.തോമസ്, ഇ.ജി.ജോസഫ് എന്നിവരെ തിരഞ്ഞെടുത്തു. 2026–27 വർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. മാനന്തവാടി, ബത്തേരി എന്നിവിടങ്ങളിൽ എല്ലാ മാസവും താലൂക്ക്തല ലീഗൽ സിറ്റിംഗ് നടത്താൻ തീരുമാനിച്ചു. വന്യമൃഗ ശല്യവുമായി ബന്ധപ്പെട്ട് ആക്രമണത്തിന് വിധേയരാകുന്ന ആദിവാസി വിഭാഗത്തിലെ ആളുകൾക്ക് സേവനം ലഭ്യമാക്കുന്നതിനായി നീതിവേദി കൂടുതൽ ഇടപെടലുകൾ നടത്താൻ തീരുമാനിച്ചു. വയനാട് ജില്ലയിലെ പണിയ വിഭാഗത്തിന്റെ അവസ്ഥ സംബന്ധിച്ച പഠനം നടത്താനും അന്തർദേശീയ ആദിവാസി ദിനാചരണം ആഗസ്റ്റ് 8 ന് ബത്തേരി വെച്ച് നടത്താനും തീരുമാനിച്ചു. ആദിവാസി ദിനാചരണത്തിനായി കോർകമ്മിറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു. ആദിവാസി വിഭാഗത്തിലെ കുട്ടികൾക്ക് നിരവധിപേർക്ക് ജനനസർട്ടിഫിക്കറ്റ്, ആധാർ എന്നിവ ഇല്ലാത്ത വിഷയത്തിലും ജാതിസർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിലെ ബുദ്ധിമുട്ട് സംബന്ധിച്ചും നിവേദനങ്ങൾ നൽകാനും ധാരണയായി. 23 പേർ യോഗത്തിൽ പങ്കെടുത്തു.

# അന്തർദേശീയ ആദിവാസി ദിനാചരണം ആലോചനായോഗം





2026 ജൂലൈ 2 ന് നീതിവേദി ഓഫീസിൽ വെച്ച് രാവിലെ 11 മണി മുതൽ ഉച്ചക്ക് 1 മണി വരെ അന്തർദേശീയ ആദിവാസി ദിനാചരണവുമായി ബന്ധപ്പെട്ട ആലോചനാ യോഗം നടന്നു. ആദിവാസി ദിനാചരണ കോർ കമ്മിറ്റി ചെയർമാൻ ശ്രീ സുനിൽ കുമാർ അദ്ധ്യക്ഷത വഹിച്ചു. കൺവീനർ ശ്രീ ബിജു കാക്കത്തോട് സ്വാഗതം ആശംസിച്ചു. ആഗസ്റ്റ് 8 ന് ആദിവാസി ദിനാചരണത്തിനായി സുൽത്താൻ ബത്തേരി മുനിസിപ്പൽ ഹാൾ ബുക്ക് ചെയ്ത കാര്യം അറിയിച്ചു. തുടർന്ന് ചർച്ചകൾ നടന്നു.





ജൂലൈ 10 ന് ഉച്ചകഴിഞ്ഞ് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിൽ വെച്ച് 2026 ലെ അന്തർദേശീയ ആദിവാസി ദിനാചരണ സംഘാടക സമിതി വിപുലമായി രൂപീകരിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അദ്ധ്യക്ഷത വഹിച്ച യോഗം സുൽത്താൻ ബത്തേരി മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി റസീന അബ്ദുൾ ഖാദർ ഉദ്ഘാടനം ചെയ്തു. മുനിസിപ്പാലിറ്റി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ ആശംസകൾ നേർന്നു സംസാരിച്ചു. സംഘാടക സമിതി രക്ഷാധികാരിയായി സുൽത്താൻ ബത്തേരി നിയോജക മണ്ഡലം എം എൽ എ ശ്രീ ഐ സി ബാലകൃഷ്ണനെയും ചെയർപേഴ്സണായി ശ്രീമതി റസീന അബ്ദുൾ ഖാദറി നെയും ജനറൽ കൺവീനറായി ശ്രീ ബിജു കാക്കത്തോടിനെയും ട്രഷററായി ശ്രീ അനീഷ് ബാബുവിനെയും തിരഞ്ഞെടുത്തു. പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി വിവിധ കമ്മിറ്റികൾ രൂപീകരിച്ചു. ആഗസ്റ്റ് 7, 8 തിയതികളിലായി ദിനാചരണം സംഘടിപ്പിക്കാൻ ധാരണയായി. ആഗസ്റ്റ് മാസം 7-ാം തിയതി ആദിവാസി ജീവിത പ്രതിസന്ധികൾ സംബന്ധിച്ച സിമ്പോസിയവും ആഗസ്റ്റ് 8-ാം തിയതി ജില്ല യിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ആദിവാസികളെ പങ്കെടുപ്പിച്ചുകൊണ്ട് ആദിവാസി ദിനാചരണവും നടത്താനാണ് സംഘാടക സമിതി തീരുമാനിച്ചിരിക്കുന്നത്. ഉദ്ഘാടന സമ്മേളനം, ശ്രേഷ്ഠ സംഭാവനകൾ നൽകിയ ആദിവാസി സമൂഹാഗംങ്ങളെ ആദരി ക്കൽ, വിവിധ ആദിവാസി സമൂഹങ്ങളുടെ തനത് കലാവിഷ്ക്കാരങ്ങൾ എന്നിവ നടത്താൻ ധാരണയായി. ബത്തേരി മുനിസിപ്പാലിറ്റി കൗൺസിലർമാർ, സെന്റ് മേരീസ് കോളേജ് പ്രിൻസിപ്പൽ ശ്രീ ജോർജ്ജ്, മാധ്യമപ്രവർത്തകൻ ശ്രീ രാംദാസ്, വിവിധ സന്നദ്ധ സംഘടന പ്രവർത്തകർ, പ്രമോട്ടർമാർ തുടങ്ങി 54 പേർ യോഗത്തിൽ പങ്കെടുത്തു.







ജൂലൈ 14 ന് ഉച്ചകഴിഞ്ഞ് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിൽ വെച്ച് 2026 ലെ അന്തർദേശീയ ആദിവാസി ദിനാചരണവുമായി ബന്ധപ്പെട്ട പ്രോഗാം - ഫൈനാൻസ് കമ്മിറ്റി മീറ്റിംഗുകൾ സംഘടിപ്പിച്ചു. ആഗസ്റ്റ് 7,8 തിയതികളിലെ പരിപാടികൾ പ്ലാൻ ചെയ്തു. വിവിധ കോളേജുകളിൽ ഇതുമായി ബന്ധപ്പെട്ട് ഔട്ട് റീച്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചു. ഔട്ട്റീച്ച് പ്രോഗ്രാമിനായി ശ്രീ പി സി ജോസ്, ശ്രീ രാംദാസ്, ശ്രീ ബിജു കാക്കത്തോട്, ശ്രീ നാരായണൻ സാർ എന്നിവരെ ചുമതലപ്പെടുത്തി. ഫണ്ട് സമാഹരണവുമായി ബന്ധപ്പെട്ട് വിവിധ സന്നദ്ധ സംഘടനകൾ, ഷോപ്പുകൾ എന്നിവിടങ്ങളിൽ പോകാൻ തീരുമാനിച്ചു. ഇതിനായി നോട്ടീസ് പ്രിന്റ് ചെയ്യാനും ധാരണയായി. ജൂലൈ 22 ന് അടുത്ത മീറ്റിംഗ് നടത്താനും തീരുമാനിച്ചു.

ജൂലൈ 22 ന് രാവിലെ സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിൽ വെച്ച് ആദിവാസി ദിനാചരണ ഫൈനാൻസ് കമ്മിറ്റിയുടെ മീറ്റിംഗ് നടന്നു. നീതിവേദിയിൽ നിന്നും ശ്രീ അനീഷ് ബാബു, ശ്രീ ബിജു കാക്കത്തോട് എന്നിവർ പങ്കെടുത്തു.

ജൂലൈ 23 ന് അന്തർദേശീയ ആദിവാസി ദിനാചരണത്തോടനുബന്ധിച്ച് ശ്രീ അനീഷ് ബാബു, ശ്രീ പി സി ജോസ്, ശ്രീമതി ഫ്ളയ്സി ജോസ് എന്നിവർ വിവിധ എൻ ജി ഒ കൾ സന്ദർശിച്ചു. ഗ്രാം ഇൻ പനമരം, റേഡിയോ മാറ്റൊലി, ഡബ്ല്യൂ.എസ്.എസ്, തുടി, പ്രതീക്ഷ, ബോധിനി, ഡബ്യൂ.ഡബ്യൂ.എ, ആർഷഭാരത് എന്നീ സംഘടനകളാണ് സന്ദർശിച്ചത്. ആദിവാസി ദിനാചരണത്തിന് എല്ലാവരെയും ക്ഷണിച്ചു.




ജൂലൈ 27 ന് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയിൽ വെച്ച് അന്തർദേശീയ ആദിവാസി ദിനാചരണ സംഘാടക സമിതി യോഗം ചേർന്നു. സംഘാടക സമിതി ജനറൽ കൺവീനർ ശ്രീ ബിജു കാക്കത്തോട് ഏവർക്കും സ്വാഗതം ആശംസിച്ചു. ചെയർപേഴ്സൺ ശ്രീമതി റസീന അബ്ദുൾ ഖാദർ അദ്ധ്യക്ഷത വഹിച്ച യോഗം സംഘാടക സമിതി രക്ഷാധികാരിയും ബഹു. സുൽത്താൻ ബത്തേരി നിയോജക മണ്ഡലം എം.എൽ.എ യുമായ ശ്രീ ഐ.സി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ആദിവാസി ദിനാചരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു. യോഗത്തിൽ 35 പേർ പങ്കെടുത്തു.

# ഔട്ട്റീച്ച് പ്രോഗ്രാം



ജൂലൈ 27 ന് അന്താരാഷ്ട്ര ആദിവാസി ദിനത്തോടനുബന്ധിച്ച് സുൽത്താൻ ബത്തേരിയിലെ മാർ ബസേലിയോസ് കോളേജിലെ എൻ എസ് എസ് യൂണിറ്റിലെ വിദ്യാർത്ഥി കൾക്കായി ഔട്ട്റീച്ച് പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീ പി സി ജോസ് നേതൃത്വം നൽകി.

ജൂലൈ 28 ന് സുൽത്താൻ ബത്തേരി യിലെ അൽഫോൺസ ആർട്സ് ആന്റ് സയൻസ് കോളേജിലെ എൻ.എസ്.എസ് യൂണിറ്റിലെ വിദ്യാർത്ഥികൾക്കായി ഔട്ട് റീച്ച് പ്രോഗ്രാം സംഘടിപ്പിച്ചു. ഡോ. നാരായണൻ, ശ്രീ പി സി ജോസ് എന്നിവർ നേതൃത്വം നൽകി.





ആഗസ്റ്റ് 4 ന് പുൽപ്പള്ളി ജയശ്രീ ആർട്സ് ആന്റ് സയൻസ് കോളേ ജിലെ വിദ്യാർത്ഥികൾക്കായി ഔട്ട്റീച്ച് പ്രോഗ്രാം സംഘടിപ്പിച്ചു. ശ്രീ എം.കെ രാംദാസ്, ശ്രീ പി സി ജോസ് എന്നിവർ നേതൃത്വം നൽകി.

# അന്താരാഷ്ട്ര ആദിവാസി ദിനാചരണം






സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയുടെയും നീതിവേദിയുടെയും ആദിവാസി മേഖലയിൽ പ്രവർത്തി ക്കുന്ന ജില്ലയിലെ വിവിധ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിൽ അന്തർദേശീയ ആദിവാസി ദിനാചരണം 2026 ആഗസ്റ്റ് 7,8 തിയതികളിൽ ബത്തേരി മുനിസിപ്പൽ ടൗൺ ഹാളിൽ വെച്ച് നടന്നു.







ആഗസ്റ്റ് 7 ന് ആദിവാസി സമൂഹങ്ങളിലെ നേതാക്കളെയും അവരുടെ ശാക്തീകരണത്തിനായി പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള സെമിനാറാണ് പ്രധാനമായും നടന്നത്. 'വയനാട് ജില്ലയിലെ ആദിവാസി സമൂഹം നേരിടുന്ന പ്രതിസന്ധി, വെല്ലുവിളി, പരിഹാരം' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന സെമിനാറിൽ 150 ഓളം പേർ പങ്കെടുത്തു. സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി ഡെപ്യൂട്ടി ചെയർപേഴ്സൺ ശ്രീ ഇന്ദ്രജിത്ത് എം.ജി ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി റസീന അബ്ദുൾ ഖാദർ സെമിനാർ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. ചെതലയം ഐ.റ്റി. എസ്.ആർ കോളേജിലെ ഡോ. നാരായണൻ എം എസ്, ബത്തേരി റ്റി.ഡി.ഒ ശ്രീ മോഹൻദാസ് കെ കെ എന്നിവർ വിഷയാവതരണം നടത്തി. മാധ്യമപ്രവർത്തകൻ ശ്രീ എം.കെ മോഹൻദാസ് മോഡറേറ്ററായിരുന്നു. ചർച്ചയിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിവരുന്നു.











ആഗസ്റ്റ് 8 ന് വിവിധ ആദിവാസി സമൂഹങ്ങളിൽ നിന്നുള്ള അംഗങ്ങൾ ഉൾപ്പെടെ 700ലധികം പേർ ടൗൺ ഹാളിൽ ഒത്തുചേർന്ന് വർണാഭമായ വിവിധ പരിപാടികളോടെ അന്താരാഷ്ട്ര ആദിവാസി ദിനാചരണം ആഘോഷിച്ചു. വയനാട്ടിലെ ആദിവാസി സമൂഹങ്ങളുടെ ജീവിത സാഹചര്യങ്ങളെക്കുറിച്ചുള്ള നീതിവേദി ഡയറക്ടർ ശ്രീമതി ഫ്ളയ്സിസിന്റെ പവർപോയിന്റ് അവതരണത്തോടെയാണ് പരിപാടികൾക്ക് തുടക്കം കുറിച്ചത്. തുടർന്ന പണിയ സമുദായത്തിന്റെ സാംസ്ക്കാരിക ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന 'ക്നാതിക' എന്ന ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. സുൽത്താൻ ബത്തേരി മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി റസീന അബ്ദുൾ ഖാദർ ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. നീതിവേദി പ്രസിഡന്റ് അഡ്വ.ഫാ.സ്റ്റീഫൻ മാത്യു അതിഥികളെയും പങ്കെടുത്തവരെയും സ്വാഗതം ചെയ്തു. ഡോ.തോമസ് ജോസഫ് തേരകം ആമുഖ പ്രഭാഷണം നടത്തി. അന്താരാഷ്ട്ര ആദിവാസി ദിനാചരണത്തിന്റെ പ്രാധാന്യവും പങ്കും അദ്ദേഹം വിശദീകരിച്ചു. മാനന്തവാടി നിയോജക മണ്ഡലം എം.എൽ.എ ശ്രീമതി ഉഷ വിജയൻ വർണാഭമായ ചടങ്ങ് ഉദ്ഘാടനം ചെയ്തു. ആദിവാസി സമൂഹങ്ങളിലെ മുതിർന്ന വനിതകളോടൊപ്പം പ്രത്യേകം അലങ്കരിച്ച വിളക്കുകൾ തെളിച്ചുകൊണ്ടാണ് ഉദ്ഘാടനം നിർവഹിച്ചത്. തുടർന്ന് ആദിവാസി സമൂഹങ്ങളിൽ നിന്നുള്ള പരമ്പരാഗത പ്രസവ ശുശ്രൂഷകരെ ആദരിച്ചു. ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പ്രസന്ന ശശീന്ദ്രൻ, ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ സുനിൽ കുമാർ, മുനിസിപ്പൽ കൗൺസിലർ ശ്രീ എം.എസ് വിശ്വനാഥൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി ഷെറീന അബ്ദുള്ള, ശ്രീമതി ഷിഫാനത്ത് എന്നിവർ ചടങ്ങിൽ ആശംസകൾ അർപ്പിച്ചു. ജനറൽ കൺവീനർ ശ്രീ ബിജു കാക്കത്തോട് നന്ദി രേഖപ്പെടുത്തി. ഉച്ചകഴിഞ്ഞ് വിവിധ ആദിവാസി സമൂഹങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ, യുവജനങ്ങൾ, വനിതകൾ എന്നിവരുടെ അവതരിപ്പിച്ച വൈവിധ്യമാർന്ന തനത് ആദിവാസി കലാ-സാംസ്ക്കാരിക പരിപാടികൾ അരങ്ങേറി. ആദിവാസി സമൂഹങ്ങളുടെ സമ്പന്നമായ പാരമ്പര്യവും സംസ്ക്കാരവും കലാരൂപങ്ങളും വിളിച്ചോതുന്നതായിരുന്നു ഈ അവതരണങ്ങൾ.









# നേതാക്കളുടെ പങ്കുവെയ്ക്കലുകളിൽ നിന്നും



**ഇന്ദ്രജിത്ത് എം.ജി.**
(ഡെപ്യൂട്ടി ചെയർ പേഴ്സൺ, സു. ബത്തേരി)

വലിയ തുക ചിലവഴിച്ചിട്ടും ആദിവാസികളുടെ ജീവിത നിലവാരം, വിദ്യാഭ്യാസ നില, പുതുജോലികളിലെ പ്രാതിനിധ്യം എന്നിവയിൽ കാര്യമായ മാറ്റം ഉണ്ടാകുന്നില്ല. ഗൗരവ്വമായ അന്വേഷണം ഇക്കാര്യത്തിൽ ഉണ്ടാകണം



**റസീന അബ്ദുൽഖാദർ**
(ചെയർപേഴ്സൺ, സു. ബത്തേരി)

ആദിവാസി യുവജനങ്ങളിൽ നിരവധി പേർ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുങ്കിലും അനുയോജ്യമായ ജോലി ലഭിക്കുന്നില്ല. ആദിവാസി സമൂഹത്തെ ചേർത്ത് പിടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് സെമിനാറും ആദിവാസി ദിനാചരണവും നടത്തുന്നത്.



**ഡോ. നാരായണൻ**
(അക്കാദമിക് വിദഗ്ധൻ)

ആദിവാസികളുടെ അതിജീവനമാണ് ഏറ്റവും വലിയ പ്രതിസന്ധി. ഇന്നും സ്വതന്ത്രരാകാത്ത ആദിവാസികൾ നേരിടുന്ന വെല്ലുവിളികളെ വസ്തുനിഷ്ടമായി മനസ്സിലാക്കാനും പരിഹരിക്കാനും എല്ലാവർക്കും ചുമതലയുണ്ട്.



**മോഹൻ ദാസ് കെ.കെ.**
(റ്റി.ഡി.ഒ., സു. ബത്തേരി)

പട്ടിക വർഗ്ഗ ഡിപ്പാർട്ട്മെന്റിന്റെ അമ്പത് വർഷത്തെ പ്രവർത്തനത്തിന്റെ ഫലമായി ഏറെ നേട്ടങ്ങൾ കൈവരിച്ചു. എൺപതിലധികം പദ്ധതികളിലൂടെ ആദിവാസികളെ സഹായിക്കാൻ പട്ടികവർഗ്ഗ വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസത്തിന് സഹായകരമായി കൂടുതൽ പ്രീ സ്കൂളുകൾ ആരംഭിക്കാൻ പദ്ധതി ഉണ്ട്.



**എം.കെ. രാംദാസ്**
(മാധ്യമ പ്രവർത്തകൻ)

മാറാതിരിക്കുന്ന പ്രശ്നങ്ങൾ എന്തുകൊണ്ട് എന്ന് ആദിവാസി സമൂഹത്തോടൊപ്പം പൊതുസമൂഹവും ഭരണകർത്താക്കളും ആലോചിക്കണം. സാമൂഹികമായി ആദിവാസികളെ ഉൾചേർക്കാൻ ഇനിയും നാം തയ്യാറാകേണ്ടിയിരിക്കുന്നു.



**വാസുദേവൻ ചീക്കല്ലൂർ**
(ഊര് മൂപ്പനും, എഴുത്തുകാരനും)

പണിയരെ അടിമകളാക്കിയ സമ്പ്രദായമാണ് ഭൂമിയില്ലാതായതിന് പ്രധാന കാരണം. സ്കൂളിൽ നിന്നുള്ള കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയാൻ സംഘടിതമായ ഇടപെടൽ ഉണ്ടാകണം. നാളിതുവരെ പണിയ സമുദായത്തിൽ നിന്ന് ഒരു എം.എൽ.എ. പോലും ഉണ്ടായില്ല എന്നത് ഗൗരവമായി പരിശോധനാ വിഷയമാക്കണം. ആദിവാസികളുടെ ഇടയിൽ വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്നു എന്നത് പഠനവിഷയമാക്കണം.



**കേശവൻ വേങ്ങപ്പള്ളി**
(ഊര് മൂപ്പൻ, നായാടിപ്പൊയിൽ)

പ്രവേശന പരീക്ഷ ഒഴിവാക്കി എം.ആർ.എസ്സിൽ പണിയ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകണം. പഞ്ചായത്ത് മെമ്പർമാരായിട്ട് പോലും പണിയ സമുദായാംഗങ്ങളെ പൊതുസമൂഹവും സഹപ്രവർത്തകരും അംഗീകരിക്കാൻ വൈമുഖ്യം കാണിക്കുന്നു.



**ചന്തുണ്ണി**
(സാമൂഹ്യ പ്രവർത്തകൻ)

ആദിവാസികൾക്ക് ഭൂമി നൽകാനുള്ള സുപ്രീം കോടതി ഉത്തരവുകളെ പോലും ഭരണകർത്താക്കൾ മാനിക്കുന്നില്ല. എല്ലാവർക്കും കുറഞ്ഞത് ഒരു ഏക്കർ കൃഷി സ്ഥലം നൽകണം. അടിയ, പണിയ, കാട്ടുനായ്ക്ക വിഭാഗങ്ങൾക്ക് സർക്കാർ ജോലി ലഭിക്കാനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ് എല്ലാ വർഷവും നടത്തണം.



**പ്രകൃതി**
(സാമൂഹ്യ പ്രവർത്തക)

ഇന്നും ജാതി, മതം, നിറം, ശരീരഘടന, ഭാഷ എന്നിവയുടെ പേരിൽ വിവേചനം അനുഭവിക്കുന്നുണ്ട്. പൊതുസമൂഹവും ആദിവാസികളും തമ്മിലുള്ള ‘ഞങ്ങൾ-നിങ്ങൾ’ വേർതിരിവ് മാറണം. ചോദ്യം ചെയ്യാനുള്ള തന്റേടം ആദിവാസി യുവജനങ്ങൾ വളർത്തണം.



**സിജു. സി. മീന**
(സിവിൽ പോലീസ് ഓഫീസർ, നൂൽപ്പുഴ)

പദ്ധതികൾ തീരുമാനിക്കുന്നതിൽ ആദിവാസി പങ്കാളിത്തം ഉറപ്പാക്കണം. പ്ലസ് ടു കഴിഞ്ഞവർക്ക് വേണ്ടി കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ഉണ്ടാകണം. ആദിവാസി സമൂഹങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർദ്ധിക്കുന്നു. കൂടുതൽ ട്രൈബൽ ഹോസ്റ്റലുകൾ ആവശ്യമാണ്. അദൃശ്യമായ ചങ്ങലകൾ നമ്മളെ ബന്ധിക്കുന്നത് ആദിവാസി യുവജനങ്ങൾ തിരിച്ചറിയണം.



**മാക്കമ്മ**
(മദ്യനിരോധന പ്രവർത്തക)

മദ്യമാണ് ആദിവാസി സമൂഹത്തെ നശിപ്പിച്ചുകൊണ്ടിരിക്കുന്നത്. കുടുംബങ്ങളിലെ സമാധാനവും, സ്ത്രീകളുടെ ആരോഗ്യവും, കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസവും നഷ്ടമാകാൻ കാരണമായ മദ്യത്തിനെതിരെ സമൂഹം ഒരുമിച്ച് പോരാടേണ്ടിയിരിക്കുന്നു.



**ഡോ. തോമസ് ജോസഫ് തേരകം**
(അക്കാദമിക് വിദഗ്ധൻ)

അന്തർദേശീയ ആദിവാസിദിനം ആദിവാസികളോടുള്ള ആദരവ്, കരുതൽ, നന്ദി, പ്രതിബദ്ധത എന്നിവ പ്രകടിപ്പിക്കാനുള്ള അവസരമാണ്. മനുഷ്യരാശിക്ക് ആദിവാസി സമൂഹങ്ങൾ നൽകിയ അമൂല്യമായ പൈതൃകം ആദരിക്കുന്നതിനായിട്ടാണ് ഐക്യരാഷ്ട്രസഭ എല്ലാവർഷവും ആഗസ്റ്റ് മാസം 9-ാം തിയ്യതി തദ്ദേശ ജനതയ്ക്കുള്ള ദിനായി പ്രഖ്യാപിച്ചത്. ആദിവാസികളുടെ ശബ്ദം കേൾക്കാനും അവരുടെ അവകാശവും പങ്കാളിത്തവും എല്ലാ മേഖലകളിലും ഉറപ്പ് വരുത്താനും നാം കൂട്ടായി പരിശ്രമിക്കണം. ആദിവാസികളുടെ പരമ്പരാഗത സേവനങ്ങൾ അംഗീകരിക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ വർഷം പ്രത്യേകമായി ആദിവാസി പ്രസവ ശുശ്രൂഷകരെ ആദരിക്കുന്നത്.



**പ്രസന്ന ശശീന്ദ്രൻ**
(പ്രസിഡന്റ്, സു. ബത്തേരി ബ്ലോക്ക് പഞ്ചായത്ത് )

ആദിവാസി ദിനാചരണം നമ്മുടെ കൂട്ടായ ഉത്തരവാദിത്വ മാണ്. ആദിവാസി സമൂഹത്തിൽ നിന്ന് വളർന്നുവരുന്ന നേതാക്കളെ പ്രത്യേകം അഭിനന്ദിക്കുന്നു. ആദി വാസികൾ നേരുടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും ജീവിത നിലവാരം ഉയർത്താനും നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ സഹകരണവും പിന്തുണയും ആദിവാസികൾക്കുള്ള പ്രവർത്തന ത്തിന് ഉണ്ടാകും.



**ഉഷ വിജയൻ**
(ബഹു. എം.എൽ.എ. മാനന്തവാടി)

ആദിവാസി സമൂഹത്തിലെ അംഗമെന്ന നിലയിൽ ഈ ദിനം ഉദ്ഘാടനം ചെയ്യുന്നത് വലിയ ബഹുമാനമായി കാണുന്നു. ആദിവാസി സമൂഹത്തിന്റെ പ്രശ്നങ്ങൾ ഭരണകൂടത്തിന് മുമ്പിൽ എത്തിക്കാനുള്ള ഉത്തരവാദിത്വം തിരിച്ചറിഞ്ഞുകൊണ്ടാണ് എന്റെ ഓരോ നിലപാടുകളും പ്രവർത്തനങ്ങളും. ആദിവാസി സമൂഹത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വേണ്ടി അക്ഷീണം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന നീതിവേദിയേയും മറ്റ് സംഘടനകളേയും ഏറെ ശ്ലാഹിക്കാൻ ഈ അവസരം ഉപയോഗിക്കുന്നു.



**ബിജു കാക്കത്തോട്**
(സാമൂഹ്യ പ്രവർത്തകൻ)

ആദിവാസി ദിനാചരണം കൂട്ടായ പ്രവർത്തനങ്ങളുടെയും സഹകരണത്തിന്റെയും ഫലമാണ്. സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, നീതിവേദി ഉൾപ്പെടെയുള്ള സാമൂഹ്യ സംഘടനകളും വലിയ താൽപ്പര്യമെടുക്കുകയും അധ്വാനിക്കുകയും ചെയ്തതിന്റെ ഫലമാണ് എഴുന്നൂറിലധികം ആദിവാസികൾ ഒരുമിച്ച് ചേർന്ന് ഈ ഒത്തുചേരൽ അർത്ഥവത്താക്കിയത്.

# മറ്റ് പ്രവർത്തനങ്ങൾ



ജൂൺ 9,10 തിയതികളിൽ ശ്രേയസിന്റെ സഹായത്തോടെ 10 ടാർപോളിൻ ഷീറ്റുകൾ വിതരണം ചെയ്തു.



ആഗസ്റ്റ് 13 ന് നീതിവേദി ഓഫീസിൽ വെച്ച് വയനാട് ജില്ലയിലെ ആദിവാസി സമൂഹത്തിന്റെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് സർക്കാരിലേക്ക് നിവേദനം നൽകുന്നതുമായി ബന്ധപ്പെട്ട മീറ്റിംഗ് നടന്നു. മീറ്റിംഗിൽ 15 പേർ പങ്കെടുത്തു.



ആഗസ്റ്റ് 15 ന് മീനങ്ങാടി പഞ്ചായത്തിലെ ചന്തൻചിറ ഊരിൽ വെച്ച് നടന്ന ആദിവാസി ദിനാചരണ പരിപാടിക ളിൽ നീതിവേദി പ്രവർത്തകരായ ശ്രീ ബിജു കാക്കത്തോട്, ശ്രീമതി സൂര്യ എസ് ബിനു എന്നിവർ പങ്കെടുത്തു.

ആഗസ്റ്റ് 19 ന് നീതിവേദി സ്റ്റാഫ് അംഗങ്ങളുടെ ഓണാഘോഷ പരിപാടികൾ നടന്നു. ഓണപ്പൂക്കളവും വിവിധ ഓണപരി പാടികളും ഓണസദ്യയും ഓണാഘോഷ പരിപാടിയുടെ ഭാഗമായിരുന്നു.







NEETHI VEDHI
പി. ഡബ്ല്യു. ഡി. റെസ്റ്റ് ഹൗസ് റോഡ്, സിവിൽ സ്റ്റേഷൻ
കൽപ്പറ്റ നോർത്ത്, വയനാട് – 673122
ഫോൺ – 04936 246788, 9496197378
neethivedhi@gmail.com
www.neethivedhi.org